## പ്രധാനവാർത്തകൾ

1) രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയത്തിന് പാർലമെൻറിൻറെ അംഗീകാരം. നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യസഭയിൽ മറുപടി നൽകി.

2) ഇന്ത്യൻ പൗരന്മാരെ അമേരിക്കയിൽ നിന്നും മടക്കി അയച്ച വിഷയത്തിൽ പാർലമെൻറിൽ പ്രസ്താവന നടത്തി വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ. അനധികൃത കുടിയേറ്റക്കാരെ മടക്കി അയക്കുന്നത് രാജ്യാന്തര ബന്ധത്തിൽ അംഗീകരിക്കപ്പെട്ട കാര്യമാണെന്ന് കേന്ദ്രമന്ത്രി.

RNU TVPM

3) 2025-26 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നാളെ നിയമസഭയിൽ അവതരിപ്പിക്കും.

4) ആർദ്രം ആരോഗ്യം ജീവിതശൈലിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ ഒരു കോടിയിലധികം ജനങ്ങളിൽ സ്ക്രീനിംഗ് നടത്തിയതായി മന്ത്രി വീണാ ജോർജ്.

5) നാഗ്പുർ ഏകദിനത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക് 249 റൺസ് വിജയലക്ഷ്യം.¬ ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് എഫ്സി ഗോവ, ഒഡീഷ എഫ്സിയെ നേരിടും.

&&&&&&&&&&&&&&&&&&

പ്രധാനമന്ത്രി (ഇൻട്രോ)

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയത്തിന് പാർലമെൻറിൻറെ അംഗീകാരം. ലോക്സഭ കഴിഞ്ഞ ദിവസം അംഗീകരിച്ച പ്രമേയത്തിന് രാജ്യസഭ ഇന്ന് അംഗീകാരം നൽകുകയായിരുന്നു. നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജ്യസഭയിൽ മറുപടി നൽകി. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ രാജ്യത്തെ യുവജനങ്ങൾക്ക് നിർണായക പങ്ക് വഹിക്കാനാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. മധ്യവർഗ്ഗത്തെ ശക്തിപ്പെടുത്തുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും, ബജറ്റിൽ പ്രഖ്യാപിച്ച ആദായ നികുതിയിളവ് ഇതിൻറെ ഭാഗമാണെന്നും അദ്ദേഹം വ്യക്തമാക്കി. വികസനത്തിനുള്ള പുത്തൻ ശൈലിയാണ് 2014 മുതൽ രാജ്യത്ത് നടപ്പാക്കിയതെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**മന്ത്രി എസ്.ജയശങ്കർ (ഇൻട്രോ)**

അനധികൃത കുടിയേറ്റക്കാരെന്ന് ചൂണ്ടിക്കാട്ടി ഇന്ത്യൻ പൗരന്മാരെ അമേരിക്കയിൽ നിന്നും മടക്കി അയച്ച വിഷയത്തിൽ വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ പാർലമെൻറിൻറെ ഇരുസഭകളിലും പ്രസ്താവന നടത്തി. അനധികൃത കുടിയേറ്റക്കാരെ മടക്കി അയക്കുന്നത് രാജ്യാന്തര ബന്ധത്തിൽ പൊതുവേ അംഗീകരിക്കപ്പെട്ട

RNU TVPM

കാര്യമാണെന്നും, തിരികെയെത്തുന്നവരെ സ്വീകരിക്കേണ്ടത് മാതൃരാജ്യത്തിൻറെ കടമയാണെന്നും അദ്ദേഹം വ്യക്തമാക്കി. തിരിച്ചയയ്ക്കുന്ന ഇന്ത്യക്കാരോട് മോശമായി പെരുമാറുന്നില്ലെന്ന് ഉറപ്പാക്കാൻ യു എസ് സർക്കാരുമായി ബന്ധപ്പെടുന്നുണ്ട്. ഇത്തരം നടപടികൾക്കായി യാത്രാവിമാനങ്ങളും, സൈനിക വിമാനങ്ങളും സാധാരണ ഉപയോഗിച്ചു വരാറുണ്ടെന്നും, മടക്കി അയക്കുന്നവരെ വിലങ്ങ് വയ്ക്കുന്നത് പുതിയ രീതിയല്ലെന്നും അദ്ദേഹം പറഞ്ഞു. അനധികൃത കുടിയേറ്റത്തിന് പിന്നിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും വിദേശകാര്യ മന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

ഏഴര ലക്ഷം ഇന്ത്യക്കാരെയാണ് അമേരിക്ക സമാന വിധത്തിൽ മടക്കിയെത്തിക്കാൻ പദ്ധതിയിടുന്നതെന്ന് പ്രതിപക്ഷം സഭയിൽ ചൂണ്ടിക്കാട്ടി. ഇവരെ അമേരിക്ക മടക്കി അയച്ച രീതി അംഗീകരിക്കാനാവില്ലെന്നും കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ വ്യക്തമാക്കി. വിഷയത്തിൽ പാർലമെൻറിൻറെ ഇരുസഭകളിലും പ്രതിപക്ഷം ഇന്ന് ശക്തമായ പ്രതിഷേധമാണ് ഉയർത്തിയത്. തുടർന്ന് പലതവണ നിർത്തിവച്ച ലോക്സഭ വിദേശകാര്യമന്ത്രിയുടെ പ്രസ്താവനയ്ക്ക് ശേഷം ഇന്നത്തേക്ക് പിരിയുകയായിരുന്നു.

RNU TVPM

നന്ദിപ്രമേയം പാസ്സാക്കിയ ശേഷം രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&

**ബജറ്റ്**

2025-26 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നാളെ രാവിലെ 9 മണിക്ക് നിയമസഭയിൽ അവതരിപ്പിക്കും. സംസ്ഥാനത്തിൻറെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾക്കൊപ്പം, ജനപ്രിയ പ്രഖ്യാപനങ്ങളും ബജറ്റിലുണ്ടാകുമെന്ന പ്രതീക്ഷയിലാണ് സംസ്ഥാനത്തെ ജനങ്ങൾ. വയനാട് പുനരധിവാസം, ക്ഷേമപെൻഷൻ വർദ്ധന, വിഴിഞ്ഞം പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട നിർണായക പ്രഖ്യാപനങ്ങളും ബജറ്റിൽ പ്രതീക്ഷിക്കുന്നുണ്ട്. 2024-25 വർഷത്തെ ഇടക്കാല സാമ്പത്തിക അവലോകന റിപ്പോർട്ടും ധനമന്ത്രി നാളെ സഭയുടെ മേശപ്പുറത്ത് വയ്ക്കും. ബജറ്റിന്മേലുള്ള ചർച്ച നിയമസഭയിൽ ഈ മാസം 10 മുതൽ 13 വരെയാണ് നടക്കുക.

&&&&&&&&&&&&&&&&&&

**വീണാ ജോർജ്.**

സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം ആരോഗ്യം ജീവിതശൈലിയുടെ രണ്ടാം ഘട്ടത്തിൽ

RNU TVPM

ഒരു കോടിയിലധികം ജനങ്ങളിൽ സ്ക്രീനിംഗ് നടത്തിയതായി മന്ത്രി വീണാ ജോർജ്. ഇതിൽ 44.85 ശതമാനം പേർക്ക് ജീവിതശൈലീ രോഗ സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 30 വയസിന് മുകളിൽ പ്രായമുള്ള 1.54 കോടിയിലധികം പേരിലാണ് ആദ്യഘട്ടത്തിൽ സ്ക്രീനിംഗ്

പൂർത്തിയാക്കിയത്. ആദ്യഘട്ട സ്ക്രീനിംഗിൽ 9 ലക്ഷത്തോളം പേർക്കും രണ്ടാം ഘട്ടത്തിൽ 2 ലക്ഷത്തിലധികം ആളുകൾക്കും കാൻസർ സാധ്യത കണ്ടെത്തിയതെന്നും ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

**പി. രാജീവ്**

ഇലക്ട്രിക് വാഹന വിപണിയിലെ കേരളത്തിന്റെ മുന്നേറ്റം, മേഖലയിൽ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായകരമാകുമെന്ന് മന്ത്രി പി. രാജീവ്. ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തിരുവനന്തപുരത്തെ കേരളത്തിന്റേയും രാജ്യത്തിന്റേയും ഓട്ടോമോട്ടീവ് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുക എന്നതാണ് സർക്കാർ നയമെന്നും ശ്രീ പി രാജീവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**മന്ത്രി ഒ ആർ കേളു**

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അതുമായി ബന്ധപ്പെട്ട പദ്ധതികൾ കൃത്യമായി വിലയിരുത്തി മുന്നോട്ടുപോവുകയാണെന്നും മന്ത്രി ഒ ആർ കേളു. തിരുവനന്തപുരത്ത് പട്ടികജാതി മേഖലയിലെ സംഘടനാ പ്രതിനിധികളുമായുള്ള യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് റവന്യു വകുപ്പുമായി ചർച്ച നടത്തി ഏകീകൃത സംവിധാനമുണ്ടാക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**കെഎസ്ആർടിസി**

കെഎസ്ആർടിസിക്ക് സംസ്ഥാന സർക്കാർ 103 കോടി രൂപയുടെ സഹായം കൂടി അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ. പെൻഷൻ വിതരണത്തിനായി 73 കോടി രൂപയും, മറ്റു കാര്യങ്ങൾക്കായി 30 കോടി രൂപയുമാണ് അനുവദിച്ചത്. ഈ സാമ്പത്തിക വർഷത്തിൽ ഇതിനകം 1,479 കോടി രൂപയാണ് സർക്കാർ കെഎസ്ആർടിസിക്ക് നൽകിയത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

**പക്ഷിപ്പനിബാധ-ആലപ്പുഴ ((ഇൻട്രോ)**

RNU TVPM

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ കഴിഞ്ഞ വർഷമുണ്ടായ പക്ഷിപ്പനിബാധയിൽ, വളർത്തുപക്ഷികളെ നഷ്ടപ്പെട്ട കർഷകർക്കുള്ള നഷ്ടപരിഹാര വിതരണം മന്ത്രി ജെ ചിഞ്ചുറാണി ഇന്ന് ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ .രവികുമാർ**

**(വോയിസ്)**

&&&&&&&&&&&&&&&&&&

**ഊർജ മേള**

ഊർജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കേരള രാജ്യാന്തര ഊർജ മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. തൈക്കാട് പോലീസ് മൈതാനിയിൽ മന്ത്രി കെ കൃഷ്ണൻകുട്ടി മേള ഉദ്ഘാടനം ചെയ്യും . കാർബൺ രഹിത കേരളം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ മേള സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

**ഷാരോൺ**

RNU TVPM

പാറശ്ശാല ഷാരോൺ രാജ് വധക്കേസിൽ, സെഷൻസ് കോടതി വിധിച്ച വധശിക്ഷക്കെതിരെ പ്രതി ഗ്രീഷ്മ നൽകിയ അപ്പീൽ ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു. ഗ്രീഷ്മയുടെ അമ്മാവൻ നിർമ്മല കുമാരൻ നായരുടെ ശിക്ഷ നടപ്പാക്കുന്നത് ഡിവിഷൻ ബെഞ്ച് താൽക്കാലികമായി തടഞ്ഞു. തെളിവുകൾ നശിപ്പിക്കാൻ ശ്രമിച്ചതിന് ഇയാൾക്ക് മൂന്നുവർഷം തടവാണ് നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി ശിക്ഷ വിധിച്ചത്.

&&&&&&&&&&&&&&&&&&

**പി. സി.ജോർജ്**

വിദ്വേഷ പരാമർശക്കേസിൽ മുൻ എംഎൽഎ പി. സി.ജോർജിന്റെ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളി. ചാനൽ ചർച്ചയ്ക്കിടെ വിദ്വേഷപരാമർശം നടത്തിയെന്ന കേസിലാണ് കോട്ടയം അഡിഷനൽ സെഷൻസ് കോടതി ജാമ്യാപേക്ഷ തള്ളിയത്.

RNU TVPM

&&&&&&&&&&&&&&&&&&

**ബിഎൽഎമാർ - കെപിസിസി**

ബൂത്ത് ലെവൽ ഏജന്റുമാരെ നിയമിക്കുന്നതിനുള്ള സമയപരിധി ഫെബ്രുവരി 15 ൽ നിന്നും, മാർച്ച് ഒന്ന് വരെ നീട്ടണമെന്ന് ആവശ്യപ്പെട്ട് കെപിസിസി ജനറൽ സെക്രട്ടറി

എം.ലിജു മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് കത്തുനൽകി. 15-നകം എല്ലാ ബൂത്തുകളിലും ബിഎൽഎമാരുടെ നിയമനം സാധ്യമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് കത്ത് നൽകിയത്.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

നാഗ്പുർ ഏകദിനത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക് 249 റൺസ് വിജയലക്ഷ്യം .ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഇംഗ്ലണ്ട് 47 .4 ഓവറിൽ 248 റൺസിന് പുറത്തായി . മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 11 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 77 റൺസ് എന്ന നിലയിലാണ്.

RNU TVPM

&&&&&&&&&&&&&&&&&&

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് എഫ്സി ഗോവ, ഒഡീഷ എഫ്സിയെ നേരിടും. രാത്രി 7:30- ന് ഗോവയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## ദേശീയ ഗെയിംസ്

38-ാ മത് ദേശീയ ഗെയിംസിൽ 30 സ്വർണവുവുമായി മേധാവിത്വം തുടർന്ന് കർണ്ണാടക. സർവീസസ് രണ്ടാമതും മധ്യപ്രദേശ് മൂന്നാം സ്ഥാനത്തുമാണ്. 9 സ്വർണം ഉൾപ്പെടെ 24 മെഡലുമായി ഒൻപതാം സ്ഥാനത്താണ് കേരളം.

&&&&&&&&&&&&&&&&&&

**കോഴിക്കോട് മുക്കം- താമരശേരി കോടതി**

കോഴിക്കോട് മുക്കത്തിന് സമീപം ഹോട്ടൽ ജീവനക്കാരിയെ ഉപദ്രവിക്കാൻ ശ്രമിച്ച കേസിൽ കോടതിയിൽ കീഴടങ്ങിയ രണ്ട് പ്രതികളെ താമരശേരി കോടതി റിമാൻഡ് ചെയ്തു. കേസിൽ റിമാൻഡിലുള്ള ഒന്നാം പ്രതി ഹോട്ടൽ ഉടമയുടെ ജാമ്യപേക്ഷ കോടതി വാദം കേട്ട ശേഷം വിധി പറയാൻ മാറ്റി

RNUTVPM

&&&&&&&&&&&&&&&&&&

**സ്റ്റീമർ പൊട്ടിത്തെറിച്ച് ഒരാൾ മരിച്ചു**

കൊച്ചി കലൂർ സ്റ്റേഡിയത്തിന് സമീപമുള്ള സ്വകാര്യ കഫെയിൽ ഇന്ന് വൈകുന്നേരം സ്റ്റീമർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. പരിക്കേറ്റ മൂന്നു പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

## ലാലി വിൻസെൻറ്

സിഎസ്ആർ ഫണ്ട് തട്ടിപ്പ് കേസിൽ കോൺഗ്രസ് നേതാവും അഭിഭാഷകയുമായ ലാലി വിൻസെൻറിൻ്റെ അറസ്റ്റ് ഹൈക്കോടതി തടഞ്ഞു. മുൻകൂർ ജാമ്യം ആവശ്യപ്പെട്ട് ലാലി വിൻസെൻറ് സമർപ്പിച്ച ഹർജിയിലാണ് കോടതി ഉത്തരവ്.

തട്ടിപ്പിൽ ഉൾപ്പെട്ട എൻജിഒയുടെ നിയമോ പദേശക എന്ന നിലയിൽ കണ്ണൂർ ടൗൺ പോലീസ് ലാലി വിൻസെൻ്റിനെതിരെ കേസ് എടുത്തിരുന്നു.

RNI TVPM

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&